## ബഹു: വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30/05/2017ന് നാട്ടകം ഗവൺമെന്റ് പോളിടെക്നിക് കോളേജ് ഹാളിൽ വച്ച് നടന്ന അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിന്റെ മിനിട്സ്

യോഗം 2.30ന് ആരംഭിച്ചു. യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പു സ്പെഷ്യൽ സെക്രട്ടറി ശ്രീ. കെ.ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ. കെ.വി. മോഹൻകുമാർ, ഐ.എ.എസ്, ബഹു: മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിമാർ എന്നിവരും പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത അധ്യാപക സംഘടനാ പ്രതിനിധികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ അധ്യയനവർഷം നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ചർച്ചചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് ബഹു: വിദ്യാഭ്യാസ മന്ത്രി ഈ യോഗം വിളിച്ചു ചേർത്തിരിക്കുന്നതെന്ന് ആമുഖമായി സൂചിപ്പിച്ചുകൊണ്ട് സ്പെഷ്യൽ സെക്രട്ടറി ശ്രീ.ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്, യോഗത്തിൽ സ്വാഗതം ആശംസിച്ചു.

തുടർന്ന് ബഹു: മന്ത്രി യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. കഴിഞ്ഞവർഷത്തെക്കാൾ മെച്ചപ്പെടുത്തി മാതൃകാ അധ്യയന വർഷം നടപ്പാക്കാൻ കഴിയണമെന്നും ആയതിലേക്ക് നടപ്പാക്കേണ്ട വിഷയങ്ങൾ ചർച്ചചെയ്യുന്നതിനാണ് വിദ്യാഭ്യാസ വകുപ്പിലെ വിവിധ ജീവനക്കാരുടെയും അംഗീകൃത അധ്യാപക പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്തിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. ഈ അധ്യയന വർഷത്തെ അധ്യാപക പരിശീലനം 8 ദിവസത്തേത് പൂർത്തിയായിട്ടുണ്ട്. ആയത് അവലോകനം ചെയ്ത് അടുത്ത പരിശീലനം കുറെക്കൂടി മികവുറ്റതാക്കേണ്ടതാണ്. കഴിഞ്ഞ വർഷം അധികം ഉണ്ടായിരുന്ന അധ്യാപകരെ മുഴുവൻ പുനർവിന്യസിക്കാൻ സാധിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കൂടുന്നതായി അറിയുന്നുവെന്നും, പ്രതീക്ഷിച്ചതിനപ്പുറം ജനങ്ങളുടെ മനസ്സിൽ പ്രതീക്ഷയുണ്ടായിട്ടുണ്ടെന്നും, ആയത് ഉയർന്നാൽ അടുത്തവർഷം പൊതുവിദ്യാലയങ്ങളിൽ കൂടുതൽ കുട്ടകളുണ്ടാകുമെന്നും, ഐ.സി.റ്റി ടെക്നിക് ഉപയോഗിച്ച് പഠിപ്പിക്കാനുള്ള പരിശീലനം കൂടുതൽ ആവശ്യമാണെന്നറിയുന്നതായും, തസ്തിക നിർണ്ണയം ഈ വർഷം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ അദ്ദേഹം ചുവടെ പറയുന്ന വിവരങ്ങളും സൂചിപ്പിച്ചു.

1. പരിശീലനം:-അധ്യാപക പരിശീലനത്തിന്റെ തുടർച്ച എങ്ങനെ നടത്തണമെന്നതു സംബന്ധിച്ചും, ഹയർ സെക്കന്ററി അധ്യാപകരുടെ പരിശീലനം

സംബന്ധിച്ചുമുള്ള തീരുമാനം ഉടൻ ഉണ്ടാകും. ഈ അധ്യയന വർഷം അധ്യാപകരെ കൂടാതെ പ്രഥമാധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം ഉൾപ്പെടെ ലഭ്യമാക്കുന്നു, ജീവനക്കാർക്കും പരിശീലനം ലഭ്യമാക്കുന്നു.

2. അധ്യാപക ക്രമീകരണം:-എല്ലാ സ്കൂളുകളിലും വേണ്ടത്ര അധ്യാപകർ ഉണ്ടാകണം. എല്ലാ ക്ലാസ്സിലും അധ്യാപകരുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതാണ്. ജൂൺ 1 മുതൽ മാർച്ച് 31 വരെ ഒരേ ക്ലാസ്സിൽ തുടരാൻ പാകത്തിലാണ് അധ്യാപകരെ ക്രമീകരിക്കേണ്ടത്.
3. പരീക്ഷ:- ഈ അധ്യയന വർഷം മുതൽ സർക്കാർ നേരിട്ട് പരീക്ഷകൾ നടത്തുന്നു. ക്വസ്റ്റ്യൻ ബാങ്ക്, ഓൺ ലൈൻ എക്സാം എന്നിവയെ കുറിച്ച് ആലോചിക്കുന്നു.
4. കെ.ടെറ്റ്:- കെ.ടെറ്റ് പരീക്ഷ വർഷത്തിൽ രണ്ടു തവണ ജൂലൈ, ഡിസംബർ മാസങ്ങളിൽ നടത്തുന്നു.
5. ഹയർസെക്കന്ററി തസ്തിക നിർണ്ണയം:- 2014-15, 2015-16 തസ്തിക നിർണ്ണയം ഉടൻ പരിഹരിക്കാൻ കഴിയുന്നതാണ്. സീനിയർ, ജൂനിയർ എന്നിവയുമായി ബന്ധപ്പെട്ട ഫയൽ നീക്കം നടക്കുന്നു. ഓഫീസ് സ്റ്റാഫ് തസ്തികയിലെ നിയമനം പരിഗണിക്കുന്നതാണ്.
6. പ്രവേശനോത്സവം:- ഊരൂട്ടമ്പലം യു.പി. സ്കൂളിൽ സംസ്ഥാനതല പ്രവേശനോത്സവം ജൂൺ 1 ന് നടത്തുന്നു.
7. പരിസ്ഥിതി ദിനം:- ജൂൺ 5 -പരിസ്ഥിതി ദിനം മഴക്കൊയ്ത്ത് ഉത്സവമായി കൊണ്ടാടുന്നു. ഒരു സ്കൂളിൽ ഒരു മഴക്കുഴി, ഒരു കുട്ടി ഒരു മഴക്കുഴി, ഒരു മരം(വീടുകളിൽ), 13000 സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകളുടെ ആരംഭം കുറിക്കുന്നു. ഒരോ സ്കൂളുകളിലും കുട്ടികളെ കൊണ്ട് ജൈവ വൈവിധ്യ രജിസ്റ്റർ ഉണ്ടാക്കേണ്ടതാണ്. ഒരോ മരത്തിനും നാടൻ പേരും, അതിന്റെ ശാസ്ത്ര നാമവും രേഖപ്പെടുത്തണം. മരങ്ങളും ചെടികളും സ്കൂൾ അങ്കണത്തിൽ വച്ചും പിടിപ്പിക്കേണ്ടതാണ്. 14 ജില്ലകളിലെയും പഞ്ചായത്ത് കമ്മിറ്റി, എംഎൽ.എ, ബ്ലോക്ക് തല കമ്മിറ്റി എന്നിവർ ചേർന്ന് തെരഞ്ഞെടുക്കുന്ന ഒരു മണ്ഡലത്തിൽ ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതാണ്.
8. പ്രവർത്തി ദിവസങ്ങൾ:-200 പ്രവൃത്തി ദിവസങ്ങൾ (1000 മണിക്കൂർ) ഉറപ്പാക്കും.

9. പാഠപുസ്തകം:- പാഠപുസ്തക വിതരണം ഏകദേശം പൂർത്തിയായി. പ്ലസ് ടു പുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്. 8,9,10 ക്ലാസ്സുകളിൽ 90% ൽ കൂടുതൽ പൂർത്തിയായി കഴിഞ്ഞു.
10. സ്കൂൾ യൂണിഫോം:- 1 മുതൽ 5 വരെ ക്ലാസ്സുകൾ മാത്രമുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് യൂണിഫോമിനായി കൈത്തറി തുണി ലഭ്യമാക്കുന്നു. മറ്റുള്ള കുട്ടികൾക്ക് (8 ക്ലാസ്സുവരെയുളളവർക്ക്) 400/-രൂപ വീതം യൂണിഫോം അലവൻസ് അനുവദിച്ചിട്ടുണ്ട്.
11. ചലഞ്ച് ഫണ്ട്:-എയ്ഡഡ് സ്കൂളുകളിൽ മാനേജർ സ്കൂൾ വികസനത്തിനായ് ചെലവഴിക്കുന്ന തുകയ്ക്ക് തുല്യമായ തുക സർക്കാർ ടി സ്കൂൾ വികസനത്തിനായ് ലഭ്യമാക്കുന്നു. ഇത് ചലഞ്ച് ഫണ്ടിൽ നിന്നു ലഭ്യമാക്കുന്നു. പരമാവധി തുക ഈ വർഷം 1 കോടിയായി നിജപ്പെടുത്തിയിരിക്കുന്നു. 50 കോടി രൂപ ഈ ഇനത്തിലേക്ക് ബഡ്ജറ്റിൽ വകകൊളളിച്ചിട്ടുണ്ട്.
12. മെയ്ന്റനൻസ് ഗ്രാന്റ്:- 5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ബാക്കിയുള്ള തുക ലഭ്യമാക്കാൻ ധനകാര്യവകുപ്പിലേക്ക് അഡീഷണൽ ആതറൈസേഷൻ നൽകിയിട്ടുണ്ട്.
13. ഇൻഷ്വറൻസ്:-കുട്ടികളുടെ ഇൻഷ്വറൻസ് നിലവിൽ 10-ാം ക്ലാസ്സ് വരെയുളളത് പ്ലസ് ടു, വൊക്കേഷണൽ ഹയർസെക്കന്ററി കുട്ടികൾക്ക് കൂടി ബാധകമാക്കാൻ വേണ്ടി ധനകാര്യ വകുപ്പിലേക്ക് ഫയൽ അയയ്ക്കുന്നു.
14. മാതാപിതാക്കൾക്കുളള പരിശീലനം:- വിദ്യാർത്ഥികൾ, മാനേജർമാർ, മാതാപിതാക്കൾ അധ്യാപക-അനധ്യാപർ എന്നിവരടങ്ങുന്ന സമൂഹത്തിന് വിദ്യാഭ്യാസ രംഗത്ത് സംതൃപ്തി ഉണ്ടാകേണ്ടതാണ്. എന്നാൽ മാത്രമേ മാതൃകാ വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരം പ്രാപ്തമാവുകയുളളൂ. ഐ.സി.റ്റി വഴി കുട്ടികളെ പഠിപ്പിക്കേണ്ടത് എങ്ങനെ എന്ന് മനസ്സിലാക്കാൻ വേണ്ടി മാതാപിതാക്കൾക്ക് പരിശീലനം ലഭ്യമാക്കുന്ന ആശയം നടപ്പാക്കുന്നു. ആയതിലേക്കുള്ള മോഡ്യൂൾ തീരുമാനിക്കുന്നതാണ്. 1 മുതൽ 4 വരെ ക്ലാസ്സുകളിലേക്ക് 'കളിപ്പെട്ടി', 5 മുതൽ 7 വരെ ക്ലാസ്സുകളിലേക്ക് 'ഇ@വിദ്യ'എന്നിങ്ങനെ അധ്യാപക പരിശീലനത്തിന് 2 പുസ്തകങ്ങൾ പ്രകാശനം ചെയ്തിട്ടുണ്ട്. ആയത് എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതാണ്. ഏഷ്യയിൽ തന്നെ ആദ്യമായാണ് 1 മുതൽ 7 വരെയുള്ള കുട്ടികളെ പഠിപ്പിക്കാൻ ഏറ്റവും ആധുനിക

സംവിധാനമുണ്ടാകുന്നത്. ഇത് സമൂഹത്തിൽ എത്തിച്ചാൽ പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതാണ്.

തുടർന്ന് വിവിധ അധ്യാപക സംഘടനാ പ്രതിനിധികൾ വിദ്യാഭ്യാസ രംഗത്തെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

ശ്രീ. ജെയിംസ് കുര്യൻ, കെ.എസ്.റ്റി.എഫ് സംസ്ഥാന പ്രസിഡന്റ്:- കെ.എസ്.റ്റി.എഫിൽ തർക്കങ്ങൾ ഉണ്ടായതുമൂലം പിളർപ്പ് ഉണ്ടാകുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്റെ നേതൃത്വത്തിലുളള സംഘടനയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അംഗീകാരം ലഭിച്ചിട്ടില്ലാത്തവരും അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ എത്തിച്ചേർന്നിട്ടുളളതായി അദ്ദേഹം പറഞ്ഞു. ഇത് ശരിയായ നടപടിയല്ല എന്നും എന്നാൽ അവരെ യോഗത്തിൽ നിന്ന് പുറത്താക്കണമെന്ന് ആവശ്യപ്പെടുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. യോഗത്തിൽ സംഘടനാ പ്രതിനിധി പറഞ്ഞ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

- 6 മുതൽ 8-ാം ക്ലാസ് വരെയുളള 1:30, 1:35 ആ അനുപാതം 9,10 ക്ലാസ്സുകളിൽ കൂടി പാലിക്കണം
- കലാകായിക അധ്യാപകരെ എല്ലാ സ്കൂകുളിലും നിയമിക്കണം.

ശ്രീ. ഹരിഗോവിന്ദൻ, പ്രസിഡന്റ്, കെ.പി.എസ്.റ്റി.എ:-

- പുനർ വിന്യാസത്തിന്റെ ഭാഗമായി ശമ്പളം കിട്ടാത്ത അധ്യാപകരുണ്ട്. അവർക്ക് ശമ്പള കുടിശ്ശിക ഇനിയും കിട്ടിയിട്ടില്ല. ഓണക്കാലത്തിന് ശേഷം പുനർ വിന്യസിച്ച അധ്യാപകർക്ക് 4ഉം, 5ഉം മാസമായി ശമ്പളം കിട്ടിയിട്ടില്ല.
- 167-ാം നമ്പർ ഉത്തരവ് വാങ്ങിയ ശമ്പളം തിരിച്ച് പിടിക്കുന്നത് സംബന്ധിച്ചുളളത്. സൈറ്റിൽ നിന്ന് ഉത്തരവ് മാറ്റിയെങ്കിലും ഇപ്പോഴും ഉത്തരവ് നിലനിൽക്കുന്നതായി കാണിച്ച് ശമ്പളം തിരിച്ചുപിടിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവ് നൽകുന്നു.
- 2016-17 അധ്യയന വർഷത്തെ നിയമനാംഗീകാരം സംബന്ധിച്ച് 1:30, 1:35 പ്രകാരം പുതിയ തസ്തികകൾ ഉണ്ടാകേണ്ടതാണ്. കഴിഞ്ഞ ഒരു വർഷമായി ജോലി ചെയ്യുന്ന അധ്യാപകരുടെ കാര്യം ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ല. ഈ അധ്യയന വർഷം 6-ാം പ്രവൃത്തി ദിനം അനുസരിച്ച് സ്റ്റാഫ് ഫിക്സേഷൻ നട

ത്തുമെന്ന് പറയുന്നു. ആയത് പ്രകാരം കെ.ഇ.ആർ അനുസരിച്ചുള്ള നിയമനാംഗീകാരം ലഭ്യമാക്കേണ്ടതാണ്.

- 1:35 ആനുകൂലം 10-ാം ക്ലാസ്സുവരെ തുടരേണ്ടതാണ്.
- എസ്.എസ്.എയിൽ വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥർ അറിയാതെ കാര്യങ്ങൾ നടക്കുന്നു. ഗ്രഡേഷന്റെ ഭാഗമായി 'വിദ്യാലയ ഗുണത' എന്ന പുസ്തകം ഇറങ്ങിയതായി അറിയുന്നു. ഗ്രഡേഷൻ കൊണ്ടുവരുമ്പോൾ അധ്യാപകരുമായി ചർച്ച നടത്തി ആശങ്കകൾ ഇല്ലാതാക്കി കൊണ്ടുവരേണ്ടതാണ്.
- സ്റ്റാമ്പ് കളക്ഷന് തുക ഇപ്പോഴും പിരിവ് നൽകേണ്ടിവരുന്നു.
- എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസുകളിലെ ഉദ്യോഗസ്ഥർ നിയമനാംഗീകാരം നൽകുന്നതിന് പകരം വ്യക്തതയ്ക്ക് വേണ്ടി ഫയലിൽ നടപടികൾ താമസിപ്പിക്കുന്നു. ഇതിനെതിരെ ഒരു നടപടിയും എടുക്കുന്നില്ല.
- രാഷ്ട്രീയ പകപോക്കലിനായി സസ്പെൻഷൻ പോലെയുള്ള നടപടികൾ എടുക്കുന്നത് ഒഴിവാക്കണം. അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കണം.
- വിദ്യാലയങ്ങളുടെ കീഴിൽ നടത്തപ്പെടുന്ന പല ഉത്സവങ്ങളും അനിവാര്യമല്ലാത്തതാണ്. ആവശ്യമുള്ളവ മേളകളുടെ കൂടെ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
- ഹൈടെക് ആക്കുന്ന സ്കൂളുകളിലേക്ക് പരിസരത്തുള്ള മറ്റ് സ്കൂളുകളിൽ നിന്നും കുട്ടികളുടെ പ്രവാഹം ഉണ്ടാകുന്നത് മൂലം അയൽപക്ക സ്കൂളുകളിൽ തസ്തികകൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു. ആയതിനാൽ അയൽപക്ക സ്കൂളുകളുടെ നിലനിൽപ്പിനു കൂടി പ്രാധാന്യം കൊടുക്കുകയും, ആയത് കൂടി ഹൈടെക് ആക്കാനുള്ള നടപടികൾ ഉണ്ടാവുകയും വേണം.
- 5, 8 ക്ലാസ്സുകൾ പ്രൈമറി/അപ്പർ പ്രൈമറിയിലേക്ക് മാറ്റുമ്പോൾ യു.പി.എസ്.എ, എച്ച്.എസ്.എ അധ്യാപകരെ പൂർണ്ണമായും സംരക്ഷിക്കുക.
- അംഗീകാരമില്ലാത്ത 1500ഓളം സ്കൂളുകൾ അടച്ചുപൂട്ടുക.
- ബ്രോക്കൺ സർവ്വീസ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.
- തസ്തി നിർണ്ണയം നടത്തി നിയമനങ്ങൾ അംഗീകരിക്കുക.
- പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിലേക്കായി പ്രൈമറി വിദ്യാലയങ്ങളോട് ചേർന്ന് പ്രീപ്രൈമറി വിദ്യാലയങ്ങൾ കൂടി ആരംഭിക്കുക. ഇതിൽ 1:25 അനുപാതവും ടി അധ്യാപകർക്ക് പ്രത്യേക സേവന വേതന വ്യവസ്ഥകളും നൽകേണ്ടതാണ്.

- ഹയർ സെക്കന്ററിയിൽ ജീവനക്കാരില്ലാത്ത അവസ്ഥയാണ്. എല്ലാ ഡി.ഡി.ഇ ഓഫീസുകളോടും ചേർന്ന് ഹയർസെക്കന്ററി ഓഫീസുകൾ കൂടി സ്ഥാപിക്കുക
- കെ.ടെറ്റ് ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കേണ്ടതാണ്. എൻട്രൻസ് പരീക്ഷ നടപ്പാക്കി കെ.ടെറ്റ് ഒഴിവാക്കേണ്ടതാണ്.
- ഡി.പി.ഐ ഓഫീസിലുൾപ്പെടെ കെട്ടിക്കിടക്കുന്ന ഫയലുകൾ അദാലത്തുകൾ നടത്തി പരിഹരിക്കേണ്ടതാണ്.
- അക്കാദമിക് എഇഒ/ഡി.ഇഒ തസ്തിക ഉണ്ടാകേണ്ടത് അനിവാര്യമാണ്. പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ഇതിന് അവസരം നൽകണം.
- ബി.പിഒ/ബി.ആർ.സി പരിശീലകരുടെ കുട്ടികളെങ്കിലും കേരളത്തിലെ പൊതു വിദ്യാലയങ്ങളിലാണ് പഠിക്കുന്നത് എന്ന് ഉറപ്പ് വരുത്തണം.
- ഉച്ചഭക്ഷണത്തിന്റെ ചുമതലയിൽ നിന്ന് പ്രഥമാധ്യാപകരെ ഒഴിവാക്കണം.
- ശമ്പളപരിഷ്കരണ അനോമലി പരിഹരിക്കാനുള്ള നടപടികൾ ഉണ്ടാകണം.
- നവീകരിച്ച പാഠ്യപദ്ധതി എന്ന് സർക്കാർ പരസ്യങ്ങളിൽ കാണുന്നു. പാഠ്യ പദ്ധതി നവീകരണം ഉണ്ടായിട്ടില്ല.

**ശ്രീ.സാബുജി.വർഗ്ഗീസ്, ജനറൽ സെക്രട്ടറി, എച്ച്.എസ്.എസ്.റ്റി.എ:-**

- ഹയർ സെക്കന്ററിക്ക് പരിശീലനം അത്യന്താപേക്ഷിതമാണ്. എസ്.സി.ഇ.ആർ.റ്റി നടത്തിയ പരിശീലനങ്ങൾ ഫലവത്തതായില്ല. പാഠ്യവിഷയങ്ങൾക്ക് ഊന്നൽ നൽകി ഐ.ടി അടിസ്ഥാനമാക്കിയുള്ള പരിശീലനമാണ് ആവശ്യം. പരിശീലനത്തിന്റെ മോഡ്യൂൾ പുന:പരിശോധിക്കേണ്ടതും, പുനർ നിർമ്മിക്കേണ്ടതുമാണ്. ഐ.ടി @ സ്കൂളിൽ നിലവിൽ പരിശീലകരായുള്ളത് പ്രൈമറി അധ്യാപകരും, ഹൈസ്കൂൾ അധ്യാപകരുമാണ്. ഹയർസെക്കന്ററി അധ്യാപകരെ കൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.
- അധ്യാപകർ ആഴ്ചകളോളം പരിശീലനത്തിന് പോകുന്ന ദിവസങ്ങളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കത്തക്ക രീതിയിൽ ഉത്തരവുണ്ടാകേണ്ടതാണ്.
- പരീക്ഷകൾ കുറ്റമറ്റതായി സർക്കാർ നടത്തേണ്ടതാണ്.
- എച്ച്.എസ്.എസ്.ടിയുടെ ടീച്ചിംഗ് ജോലിഭാരം 25ൽ നിന്ന് 31 ലേക്ക് വർദ്ധിപ്പിക്കുന്നു. ഭാവിയിൽ ജോലിഭാരം കൂടുമെന്ന ആശങ്കയുണ്ടാകുന്നു.

- ഹൈസ്കൂൾ -ഹയർസെക്കന്ററി ലയനം സംബന്ധിച്ച് ആശങ്ക-വ്യക്തത ആവശ്യമാണ്.
- ഹയർസെക്കന്ററിയിൽ പഠനം മുഴുവനും മലയാളത്തിലേക്ക് മാറ്റിയാൽ സി.ബി.എസ്.ഇ/ഐ.സി.എസ്.സി സിലബസിൽ നിന്നും ഹയർസെക്കന്ററി ലേക്ക് വരുന്ന കുട്ടികളുടെ എണ്ണം കുറയുന്നതാണ്.
- നിലവിലുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തേണ്ടതുണ്ട്. എ.ഡി/ഡി.ഡി/ആർ.ഡി.ഡി/ജെ.ഡി മുതലായ തസ്തികകൾ ഹയർ സെക്കന്ററി പ്രിൻസിപ്പാൾമാരുടെ പ്രൊമോഷൻ തസ്തികയായി വരേണ്ടതുണ്ട്. നിലവിൽ നിയമിച്ചിരിക്കുന്ന ഡി.ഡി/ആർ.ഡി.ഡിമാർക്ക് പ്രിൻസിപ്പാളിന്റെ ശമ്പള സ്കെയിലാണ് ഇപ്പോഴും ലഭിക്കുന്നത്.
- 2005നുശേഷം വന്നിട്ടുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കണം. ഹയർസെക്കന്ററി ഡയറക്ടറേറ്റ് ശാക്തീകരിക്കണം. ഡയറക്ടറേറ്റിന്റെ കെട്ടിട സമുച്ചയം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ഹയർസെക്കണ്ടറിയ്ക്ക് അക്കാഡമിക് സ്റ്റാഫ് കോളേജ് സ്ഥാപിക്കണം. അല്ലെങ്കിൽ സർവ്വകലാശാലാ സ്റ്റാഫ് കോളേജിന്റെ സഹായത്തോടു കൂടിയുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ ഉണ്ടാകേണ്ടതാണ്.
- പരീക്ഷാ മാന്വൽ, കലോത്സവ മാന്വൽ എന്നിവ പരിഷ്കരിക്കണം.
- ഹയർസെക്കന്ററിയ്ക്ക് അക്കാഡമിക് കലണ്ടർ രൂപീകരിക്കണം. കൂടാതെ ഹയർസെക്കന്ററിയ്ക്ക് ഡയറക്ടറെ നിയമിക്കണം.
- ഹയർസെക്കന്ററി അധ്യാപകരുടെ ട്രാൻസ്ഫർ നോംസിലുള്ള അപാകതകൾ പരിഹരിച്ച് എത്രയും വേഗം ട്രാൻസ്ഫർ നടപടികൾ സ്വീകരിക്കേണ്ടതാണ്. റിട്ടയർ ചെയ്യുന്ന ആ.ഡി.ഡിമാർക്ക് പകരം ജൂൺ 1ന് തന്നെ നിയമനം നടത്താൻ നടപടികൾ സ്വീകരിക്കണം.
- എൻ.സി.സി/സ്റ്റുഡന്റ് പോലീസ് സ്കൂളുകളിൽ ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാകണം.
- കുട്ടികളുടെ കുറവ് മൂലം നിന്നുപോയിട്ടുള്ള ഗവൺമെന്റ് സ്കൂളുകളിലെ ഹയർസെക്കന്ററി ബാച്ചുകൾ ആവശ്യമുള്ളിടത്തേക്ക് മാറ്റിക്കൊടുക്കണം.
- പിറ്റിഎ ഫണ്ട് 500/-രൂപയിൽ നിന്ന് 1000/-രൂപയായി ഉയർത്തേണ്ടതാണ്.

ശ്രീ. സി.പി.ചെറിയമുഹമ്മദ്, കെ.എസ്.റ്റി.ഒ

- എ.ഐ.പി സ്കൂളുകളിലെ അധിക തസ്തികകളുടെ തീരുമാനം അടിയന്തര മായി ഉണ്ടാകണം.
- കെ.ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് എസ്.സി/എസ്.ടി/ഒബിസി വിദ്യാർത്ഥി കൾക്കുള്ള മാർക്കിളവ് സംബന്ധിച്ച് തീരുമാനം ഉണ്ടാകേണ്ടതാണ്.
- ആർ.എം.എസ്.എ സ്കൂളുകൾ സർക്കാർ സ്കൂളുകളാക്കി മാറ്റി. എന്നാൽ എച്ച്.എം തസ്തിക ഉണ്ടായിട്ടില്ല.
- ചോദ്യപേപ്പർ ഉണ്ടാക്കിയ അധ്യാപകന്റെ പേരിൽ മാത്രം നടപടിയുണ്ടായി. ഉത്തരവാദകളായ മറ്റുദ്യോഗസ്ഥരുടെ പേരിലും നടപടി ഉണ്ടാകണം.
- പാഠപുസ്തം 3 വാല്യങ്ങളാക്കിയത് ആശങ്കയുണർത്തുന്നു.
- കുട്ടികളുടെ എണ്ണം കൂടിയാൽ അധിക തസ്തികകൾ അനുവദിക്കാനുള്ള നടപടികൾ ഉണ്ടാകണം. ഒരു മാസത്തിൽ കൂടുതൽ ഒഴിവ് വരുന്ന അവസ്ഥ യിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാനുള്ള ഉത്തര വുണ്ടാകണം.
- അധ്യാപക പരിശീലത്തിന് 3 റീജിയനുകളിൽ റസിഡൻഷ്യൽ ട്രെയിനിംഗ് സെന്ററുകൾ ഉണ്ടാകണം.

ശ്രീ.സിബി ആന്റണി, പി.ജി.റ്റി.എ സംസ്ഥാന പ്രസിഡന്റ്

- പൊതുവിദ്യാഭ്യാസ രംഗത്തെ നഷ്ട പൈതൃകം വീണ്ടെടുക്കുക- അന്താ രാഷ്ട്ര നിലവാരമുള്ള അധ്യാപക-വിദ്യാർത്ഥി അനുപാതം കൂടി നടപ്പിലാക്കി ഏകീകൃത അന്താരാഷ്ട്ര നിലവാരമുള്ള പാഠ്യപദ്ധതി നടപ്പിലാക്കേണ്ടതാണ്.
- പൊതുവിദ്യാഭ്യാസ മേഖലയിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുക.
- യുനെസ്കോ/ഐ.ൻ.ഒ വിദഗ്ദ്ധസമിതിയുടെ ശിപാർശ പ്രകാരമുള്ള പ്രൊമോഷൻ സമ്പ്രദായം അധ്യാപകർക്ക് നടപ്പാക്കുക.
- അധ്യാപകരുടെ തസ്തികാനാമം പുനർ നിർണ്ണയിക്കേണ്ടതാണ്.

ശ്രീ. ശ്രീകുമാർ, എ.കെ.എസ്.ടി.യു

- ഈ അധ്യയന വർഷം അവധിക്കാലത്ത് ഏറ്റവും മികച്ച ഐ.ടി അധിഷ്ഠിത പരിശീലനം ലഭ്യമായിട്ടുണ്ട്. ആയതിന് തുടർച്ച ഉണ്ടാകണം. എന്നാൽ ഹയർ സെക്കന്ററി മേഖലയിൽ പരിശീലനം ലഭ്യമായിട്ടില്ല. ഐ.ടി അധിഷ്ഠിത പരിശീ ലനം ഹയർസെക്കന്ററി അധ്യാപകർക്ക് ഇതുവരെ ലഭിച്ചിട്ടില്ലാത്തനിനാൽ

ഇപ്പോഴത്തെ പരിശീലനത്തിന് പ്രത്യേകം പ്രസക്തിയുണ്ട്. കഴിയുന്നതും ജൂൺമാസത്തിൽ തന്നെ പരിശീലന പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

- ചില ജില്ലകളിൽ അധ്യാപക സ്ഥലംമാറ്റം പൂർത്തീകരിച്ചിട്ടില്ല. ന്യായമായ കാരണങ്ങളാൽ ലഭിക്കേണ്ട നിയമനങ്ങൾക്ക് അംഗീകാരം ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകേണ്ടതാണ്.
- കന്നട, തമിഴ് മീഡിയം പാഠപുസ്തകങ്ങൾ 100% ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ അടുത്ത വർഷം എങ്കിലും നടപ്പിൽ വരുത്തേണ്ടതാണ്.
- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് താഴെ തലങ്ങളിൽ ചർച്ചകൾ നടന്നിട്ടില്ല. അധ്യാപകരെയും, വിദ്യാർത്ഥി സംഘടനകളെയും കൂടി പങ്കെടുപ്പിച്ച് പദ്ധതി മുന്നോട്ട് കൊണ്ടുപോകേണ്ടതാണ്.
- ഹയർ സെക്കന്ററിയിൽ പ്രിൻസിപ്പൽമാർക്ക് മാനേജ്മെന്റ് പരിശീലനം അടിയന്തരമായി ലഭ്യമാക്കണം.
- എല്ലാ സ്കൂളുകളിലും പ്രീപ്രൈമറി ഫലപ്രദമായി നടത്തുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.
- മലയാള ഭാഷ എല്ലാ സ്കൂളുകളിലും പഠിപ്പിക്കാൻ നിയമനിർമ്മാണം നടത്തുമ്പോൾ ന്യൂനപക്ഷ ഭാഷ സ്കൂളുകളിൽ തമിഴ്, കന്നട എന്നിവയ്ക്കുള്ള പ്രസക്തി നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- 5, 8 ക്ലാസ്സുകളിലെ ഘടനാമാറ്റത്തെ കുറിച്ച് അടിയന്തര ചർച്ച ആവശ്യമാണ്.
- തസ്തിക നിർണ്ണയം മൂലം പുറത്താകുന്ന അധ്യാപകരുടെ സംരക്ഷണം ഉറപ്പ് വരുത്തേണ്ടതാണ്.

<u>ശ്രീ.ഹരികൃഷ്ണൻ, ജനറൽ സെക്രട്ടറി, കെ.എസ്.ടി.എ</u>

- പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഫലം കണ്ടു തുടങ്ങി. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം പല ജില്ലകളിലും കൂടിയിട്ടുണ്ട്. എന്നാൽ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി താഴെ തട്ടിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ ശ്രദ്ധകൊടുക്കേണ്ടതുണ്ട്. സർക്കാരിന്റെ ഭാഗത്ത് നിന്ന് ശക്തമായ ഇടപെടൽ സ്കൂളുകളിൽ ഉണ്ടാകേണ്ടതാണ്.

- അധ്യാപക ശാക്തീകരണവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ ഹയർ സെക്കന്ററി മേഖലയിൽ കൂടി നൽകേണ്ടതാണ്. ക്ലസ്റ്റർ വിപുലമായ രീതി യിൽ, കൃത്യമായ പ്ലാനിംഗോടുകൂടി നടത്താൻ കഴിയുമോ എന്ന സമവായ ത്തിൽ എത്തേണ്ടതാണ്. പ്രവൃത്തി ദിവസങ്ങളിൽ അധ്യാപക പരിശീലന പരിപാടി നടത്തേണ്ടതില്ല.
- തസ്തിക നിർണ്ണയം നടത്തി അധ്യാപകരെ ആവശ്യമുള്ളടത്ത് എത്രയും പെട്ടന്ന് നിയമിക്കുക. കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ എത്തി ച്ചേർന്നിട്ടുണ്ട്. വേണ്ടത്ര അധ്യാപകരില്ലാത്ത അവസ്ഥ ഒരു സ്കൂളിലും ഉണ്ടാ കാതെ ശ്രദ്ധിക്കേണ്ടതാണ്.
- ഹയർസെക്കന്ററി പ്രിൻസിപ്പാൾമാരുടെ പ്രൊമോഷൻ സംബന്ധിച്ച തീരു മാനം ഉണ്ടാകണം.
- ഡയറ്റിൽ വേണ്ടത്ര അധ്യാപകരില്ല. ഡയറ്റ് യു.പി സ്കൂളുകളിൽ പ്രഥമാധ്യാ പകരെ പുതിയ തസ്തിക സൃഷ്ടിച്ച് നിയമിക്കാൻ കഴിയുമോ എന്ന് പരിശോ ധിക്കേണ്ടതാണ്.
- സി.ബി.എസ്.ഇ പരീക്ഷാഫലം വൈകുന്നതുമൂലം പ്ലസ് ടു ക്ലാസുകൾ തുട ങ്ങാൻ വൈകുന്നത് സംബന്ധിച്ച് എല്ലാ അധ്യാപക സംഘടനകളും ചേർന്ന് ശക്തമായ തീരുമാനം എടുക്കേണ്ടതാണ്.

<u>യോഗത്തിൽ മറ്റ് പ്രതിനിധികൾ പറഞ്ഞ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.</u>

എയ്ഡഡ് സ്കൂളുകളിൽ പിറ്റിഎ ഇടപെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നട ത്തുന്നു. ഇങ്ങനെയുള്ള സ്കൂളുകളിൽ ചലഞ്ച് ഫണ്ട് ലഭ്യമാകുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. 10 അറബിക് സ്കൂളുകളും, 21 സംസ്കൃത സ്കൂളു കളും ഓറിയന്റൽ സ്കൂളുകളായി പ്രവർത്തിക്കുന്നു. ഈ സ്കൂളുകളിൽ ഇപ്രാവ ശ്യവും മലയാളവുമായ് ബന്ധപ്പെട്ട ആനുകൂല്യം തുടരേണ്ടതാണ്. സമ്പൂർണ്ണ സൈറ്റ് അടിയന്തരമായി നന്നാക്കി ലഭ്യമാക്കേണ്ടതാണ്. പ്രൈമറി സ്കൂളുകളിൽ കുട്ടികളെ 2കി.മിയ്ക്കുള്ളിലുള്ള സ്കൂളുകളിൽ ചേർക്കേണ്ടതാണെന്ന ഉത്തരവ് ലഭ്യമാക്കണം. എയ്ഡഡ് സ്കൂളുകളിൽ എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് പോലെ പ്രൈവറ്റ് സ്ഥാപനങ്ങൾ സ്കോളർഷിപ്പ് പരീക്ഷ നട ത്തുന്നത് നിരോധിക്കേണ്ടതാണ്. എച്ച്.എംമാർക്ക് ഹയർ ഗ്രേഡിനായ് കോടതി യിൽ കേസ് ഫയൽ ചെയ്യുന്നവർക്ക് കോടതി ഉത്തരവ് പ്രകാരം അനുവദിച്ചു നൽകുകയും, മറ്റുള്ളവർക്ക് ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ്.

**ഹയർ സെക്കന്ററി മേഖലയെകുറിച്ച് ഉയന്ന പ്രധാന അഭിപ്രായങ്ങൾ :-**

ഹയർ സെക്കന്ററിയിൽ ആർ.ഡി.ഡിയലും, ഡയറക്ടറ്റേറ്റിലും ജീവനക്കാരില്ലാത്ത് അധ്യാപകരുടെ ദൈനംദിന പ്രശ്നങ്ങളെ വളരെയധികം ബാധിക്കുന്നുവെന്നും, പി.എഫിൽ നിന്ന് തുക എടുക്കാൻ പോലും കഴിയുന്നില്ല എന്നും, അധ്യാപകരുടെ കാര്യങ്ങളൊന്നും സമയബന്ധിതമായി നടക്കാത്ത സ്ഥിതിവിശേഷം ഉളളതായും ആയതിനാൽ അടിയന്തരമായി ജീവനക്കാരെ ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊളളമെന്ന് ബന്ധപ്പെട്ട സംഘടനാ പ്രതിനിധികൾ യോഗത്തിൽ പറഞ്ഞു. ഈ മേഖലയിൽ അധ്യാപകർക്കുളള പരിശീലനം നിശ്ചിത സമയത്ത് ലഭ്യമാക്കേണ്ടതാണ്. പുസ്തകങ്ങൾ മാറിയാലും ഫെബ്രുവരിയിൽ പരിശീലനം ലഭിച്ച് മാർച്ചിൽ സ്കൂൾ അടയ്ക്കുന്ന അവസ്ഥയാണ്. ഐടി മേഖലയുമായി ബന്ധപ്പെട്ട പരിശീലനം നൽകുമ്പോൾ ഹയർ സെക്കന്ററി മേഖലയുമായി കൂടിയാലോചിക്കേണ്ടതാണ്. സുതാര്യമായ രീതിയിൽ ആർ.ഡി.ഡിമാരെ തെരഞ്ഞെടുക്കേണ്ടതാണ്.

എയ്ഡഡ് സ്കൂളുകളിൽ 250/-രൂപ ലാബ് ഫീസ് കുട്ടികളിൽ നിന്നും വാങ്ങുന്നതിന് അനുവദിക്കേണ്ടതാണ്. ഹയർ സെക്കന്ററി വിഭാഗത്തിന് ആരോഗ്യ വിദ്യാഭ്യാസമോ കായിക വിദ്യാഭ്യാസമോ ഇല്ല. ബൈട്രാൻസ്ഫർ പ്രൊമോഷൻ അടിയന്തരമായി നടപ്പിലാക്കേണ്ടതാണ്.

<u>വി.എച്ച്.എസ്.ഇ മേഖല</u>

ഈ മേഖലയിൽ മാത്രം ശനിയാഴ്ച പ്രവൃത്തി ദിവസം നിലനിൽക്കുന്നു. ഈ മേഖലയിൽ നോൺ ടീച്ചേഴ്സ് എന്ന നാമത്തിൽ അധ്യാപകരെ അറിയപ്പെടുന്നു. 2007ലെ സ്പെഷ്യൽ റൂൾ 12 മണിക്കൂർ എന്ന കാരണത്താൽ ജൂനിയർ സീനിയർ വിഷയവുമായി ബന്ധപ്പെട്ട ഫയലിൽ തീർപ്പാകാതെ നിൽക്കുന്നു.

**വിവധ സംഘടനാ പ്രതിനിധികൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് ബഹു: മന്ത്രി മറുപടി പറഞ്ഞു. മറുപടി പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.**

1. പുനർ വിന്യാസം ലഭിച്ച മുഴുവൻ അധ്യാപകർക്കും ശമ്പളം നൽകുന്നുണ്ട്. ശമ്പളം തിരിച്ച് പിടിക്കുന്ന കാര്യത്തിൽ എന്തു ചെയ്യാൻ കഴിയും എന്നു പരിശോധിക്കാം.
2. 400/- കോടിരൂപ കിഫ്ബിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ഈ തുക 3 തവണകളായി ലഭ്യമാക്കുന്നതാണ്.

3. 5, 8 ക്ലാസ്സുകളെ സംബന്ധിച്ച് കോടതിയുടെ അഭിപ്രായവും, ആർ.ടി.ഐ ആക്ടും, മറ്റ് പ്രായോഗിക പ്രശ്നങ്ങളും കണക്കിലെടുത്ത് വിഷയം ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കുന്നതാണ്.
4. എൻ.എസ്.ക്യൂ.എഫ് നടപ്പിലാക്കാൻ 28 സ്കൂളുകളുടെ പട്ടിക കേന്ദ്രത്തിന് നൽകിയതിൽ 20 സ്കൂളുകൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്. ആയത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാക്കി എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പാക്കുന്നതിലേക്കായി കേന്ദ്രത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ സ്കൂളുകളിലും പദ്ധതി ആരംഭിക്കുന്നതാണ്. കേരളത്തിന് ചില പ്രത്യേക കോഴ്സുകൾ ആരംഭിക്കാനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ആയത് ആരംഭിക്കുന്നതാണ്.
5. ഹയർ സെക്കന്ററി അധ്യാപകരുടെ ജോലിഭാരം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടില്ല. നിലവിലെ സ്ഥിതി തുടരുന്നതാണ്.
6. 29 സർക്കാർ സ്കൂളുകളിൽ (ആർ.എം.എസ്.എ)എച്ച്.എം തസ്തിക അനുവദിക്കാൻ ധനകാര്യ വകുപ്പിലേക്ക് ഫയൽ ലഭ്യമാക്കിയിട്ടുണ്ട്.
7. നിയമനാംഗീകാരം-3/12/16ലെ 199/16 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തി പ്രശ്നം പരിഹരിക്കും.
8. ജൂനിയർ തസ്തികയിൽ 5 വർഷം തികയുന്നവർക്ക് ഫിക്സേഷൻ നൽകി സീനിയർ പ്രമോഷൻ നൽകണമെന്നാണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടികൾ നടത്തുന്നതാണ്.
9. ബ്രോക്കൺ സർവ്വീസ് - ധനകാര്യ വകുപ്പിൽ നിലവിൽ ഫയൽ ഉണ്ട്. മറ്റുള്ള വകുപ്പുകളുമായ് ബന്ധപ്പെട്ടിരിക്കുന്നതിനാൽ പൊതുവായ തീരുമാനം വൈകാതെ ഉണ്ടാകും.
10. ഫയൽ അദാലത്ത് നടത്തുന്നതാണ്. ഉച്ചഭക്ഷണവുമായ് ബന്ധപ്പെട്ട തീരുമാനങ്ങൾ ലഭ്യമാക്കുന്നതാണ്.
11. ഹയർ സെക്കന്ററി പരിശീലനം നൽകുന്നതാണ്. മോഡ്യൂൾ തയ്യാറാക്കി ക്ലസ്റ്ററുകളായി നടത്താവുന്നതാണ്.
12. കുട്ടികൾ കൂടിയാൽ ആ സ്കൂളുകളിൽ ദിവസവേതനത്തിന് അധ്യാപകരെ നിയമിക്കാവുന്നതാണ്.
13. പിഡി അക്കൗണ്ടിൽ നിന്നും ഹൈടെക് ആക്കുന്നതിലേക്കായുള്ള സൗകര്യങ്ങൾ നടപ്പിലാക്കാൻ പണം പിൻവലിക്കാവുന്നതാണ്.

43

ഗ്രേസ് മാർക്ക് പാഠ്യവിഷങ്ങളുടെ മാർക്കിനൊപ്പം അല്ലാതെ മാർക്ക് ഷീറ്റിൽ പ്രത്യേകമായി കാണിക്കേണ്ടതാണ് എന്ന് എം.എച്ച്.ആർ.ഡി നിർദ്ദേശിച്ചിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. എന്നാൽ കേരളത്തിന്റെ ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. സമയമാറ്റത്തിന്റെ കാര്യത്തിൽ ക്യൂ.ഐ.പിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. തുടർന്ന് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നന്ദി പറഞ്ഞു.

യോഗം 4.30 മണിക്ക് അവസാനിച്ചു.

പൊതുവിദ്യാഭ്യാസ സെക്രട്ടറി

26/6

22/6

Director of Public Instruction
Thiruvananthapuram

30/05/2017ന് 2.00 മണിക്ക് നാട്ടകം ഗവൺമെന്റ് പോളിടെക്നിക് കോളേജ് ഹാളിൽ വച്ച് നടന്ന അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിന്റെ ഹാജർ പട്ടിക

| ക്രമ നം. | പേര് | സംഘടനയുടെ പേര് | ഔദ്യോഗിക പദവി |
|---|---|---|---|
| 1 | ശ്രീ. എൻ. ശ്രീകുമാർ | എ.കെ.എസ്.ടി.യു | ജനറൽ സെക്രട്ടറി |
| 2 | ശ്രീ. ബി. മോഹൻകുമാർ | എ.എച്ച.എസ്.ടി.എ | സംസ്ഥാന പ്രസിഡന്റ് |
| 3 | ശ്രീ.എസ്. മനോജ് | എ.എച്ച്.എസ്.ടി.എ | ജനറൽ സെക്രട്ടറി |
| 4 | ശ്രീ.സി.രവീന്ദ്രനാഥ് | ഡി.എസ്.ടി.എ | സംസ്ഥാന പ്രസിഡന്റ് |
| 5 | ശ്രീ.ജോൺസൺ.പി.എം | കെ.പി.എസ്.ഇ.ടി.എ | സംസ്ഥാന വൈസ് പ്രസിഡന്റ് |
| 6 | ശ്രീ.ഫാറൂഖ് പത്തൂർ | ഡി.പി.ഇ.റ്റി.എ | ജനറൽ സെക്രട്ടറി |
| 7 | ശ്രീ.വി.വി.എം.ബഷീർ | കെ.യു.ടി.എ | ജനറൽ സെക്രട്ടറി |
| 8 | ശ്രീ.സിജു.കെ | കെ.എ.എച്ച്.എസ്.ടി.എ | ജനറൽ സെക്രട്ടറി |
| 9 | ശ്രീ.എൻ.ഗോപാലകൃഷ്ണൻ | എ.കെ.എസ്.ടി.യു | വൈസ് പ്രസിഡന്റ് |
| 10 | ശ്രീ.ജോഷി ആന്റണി | കെ.എ.എച്ച്.എസ്.ടി.എ | പ്രസിഡന്റ് |
| 11 | ശ്രീ. ജെയിംസ് കുര്യൻ | കെ.എസ്.ടി.എഫ് | പ്രസിഡന്റ് |
| 12 | ശ്രീ.സി.അബ്ദുൾ അസീസ് | കെ.എ.ടി.എഫ്(ജി) | ജനറൽ സെക്രട്ടറി |
| 13 | ശ്രീ.കെ.എ.റഹ്മത്തുള്ളഖാൻ | കെ.എ.ടി.എഫ്(പി) | പ്രസിഡന്റ് |
| 14 | ശ്രീ.എസ്. വിനോദ്കുമാർ | ഡി.എസ്.ടി.എ | ജനറൽ സെക്രട്ടറി |
| 15 | ശ്രീ.ഡേവിഡ് ഡാസ്കി | കെ.പി.എസ്.എച്ച്.എ | വൈസ് പ്രസിഡന്റ് |
| 16 | ശ്രീ.രാധാകൃഷ്ണൻ.എം | എച്ച്.എസ്.എസ്.ടി.എ | പ്രസിഡന്റ് |
| 17 | ശ്രീമതി.ജിജി ജോൺ ചെറിയാൻ | കെ.എസ്.ടി.സി | സംസ്ഥാന സെക്രട്ടറി |
| 18 | ശ്രീ. അനുഷ്. എൻ | വി.ടി.എ | സംസ്ഥാന എക്സി. അംഗം |
| 19 | ശ്രീ. കെ.സി. ഹരികൃഷ്ണൻ | കെ.എസ്.ടി.എ | ജനറൽ സെക്രട്ടറി |
| 20 | ശ്രീ.കെ.ജെ. ഹരികുമാർ | കെ.എസ്.ടി.എ | സംസ്ഥാന പ്രസിഡന്റ് |
| 21 | ശ്രീ.പി.പി.നാരയണൻ നമ്പൂതിരി | നോൺ വൊക്കേഷണൽ ടീച്ചേഴ്സ് അസോസിയേഷൻ | സംസ്ഥാന എക്സി. അംഗം |
| 22 | ശ്രീ. തോമസ്.കെ.മാത്യൂ | നോൺ വൊക്കേഷണൽ ടീച്ചേഴ്സ് അസോസിയേഷൻ | ജില്ലാ പ്രസിഡന്റ് |
| 23 | ശ്രീ.സി. നാരായണൻ | എച്ച്.എസ്.ടി.എ | പ്രസിഡന്റ് |
| 24 | ശ്രീ.യൂനസ് മുസ്ലിയാരകത്ത് | പി.എസ്.എസ്.ടി.യു | പ്രസിഡന്റ് |
| 25 | ശ്രീ.പി.കെ. ത്യാഗരാജൻ | പി.ബി.എസ് | പ്രസിഡന്റ് |
| 26 | ശ്രീ. എം. ജയകൃഷ്ണൻ | പി.എസ്.എസ്.ടി.യു | ജനറൽ സെക്രട്ടറി |
| 27 | ശ്രീ. നിസാർ ചേലേരി | കെ.എച്ച്.എസ്.ടി.യു | സംസ്ഥാന പ്രസിഡന്റ് |
| 28 | ശ്രീ. ഷൗക്കത്തലി.ഒ | കെ.എച്ച്.എസ്.ടി.യു | |
| 29 | ശ്രീ.സിബി ആന്റണി തെക്കേടത്ത് | പി.ജി.ടി.എ,കേരള | സംസ്ഥാന പ്രസിഡന്റ് |

| ക്രമ നം. | പേര് | സംഘടനയുടെ പേര് | ഔദ്യോഗിക പദവി |
|---|---|---|---|
| 30 | ശ്രീ. മുഹമ്മദ്.എ | കെ.എ.ടി.എഫ് | പ്രസിഡന്റ് |
| 31 | ശ്രീ.പി. ഹരിഗോവിന്ദൻ | കെ.പി.എസ്.ടി.എ | പ്രസിഡന്റ് |
| 32 | ശ്രീ. ടി.എസ്. സലിം | കെ.പി.എസ്.ടി.എ | ജനറൽ സെക്രട്ടറി |
| 33 | ശ്രീ. പാപ്പച്ചി.എ.എൽ | കെ.പി.പി.എച്ച്.എ | പ്രസിഡന്റ് |
| 34 | ശ്രീ. പ്രദീപൻ.കെ | കെ.പി.പി.എച്ച്.എ | ജനറൽ സെക്രട്ടറി |
| 35 | ശ്രീ. ടോം.കെ.മാത്യു | എൻ.വി.ടി.എ | ജില്ലാ സെക്രട്ടറി |
| 36 | ശ്രീ. ഇഗ്നേഷ്യസ് തോമസ് | കെ.പി.എസ്.എച്ച്.എ | ജനറൽ സെക്രട്ടറി |
| 37 | ശ്രീ. സുധീർചന്ദ്രൻ | പി.ജി.ടി.എ, കേരള | ജനറൽ സെക്രട്ടറി |
| 38 | ശ്രീ. ബിനോയ് ജോർജ്ജ് | കെ.വിഎച്ച്.എസ്.എൽ.ടി.എ.യു | സെക്രട്ടറി |
| 39 | ശ്രീ.എം.കെ.രാധാകൃഷ്ണൻനായർ | കെ.വിഎച്ച്.എസ്.എൽ.ടി.എ.യു | പ്രസിഡന്റ് |
| 40 | ശ്രീ.പി.ജി. അജിത് പ്രസാദ് | കെ.ഡി.എസ്.ടി.എഫ് | ജനറൽ സെക്രട്ടറി |
| 41 | ശ്രീ. രതീഷ്.കെ.ബാബു | വി.ടി.എ | പ്രസിഡന്റ് |
| 42 | ശ്രീ. എ.കെ.സെയ്നുദ്ദീൻ | കെ.എസ്.ടി.യു | ജനറൽ സെക്രട്ടറി |
| 43 | ശ്രീ.സി.പി.ചെറിയ മുഹമ്മദ് | കെ.എസ്.ടി.യു | പ്രസിഡന്റ് |
| 44 | ശ്രീ.തോമസ്കുട്ടി മാത്യു | കെ.പി.ടി.എഫ് | പ്രസിഡന്റ് |
| 45 | ശ്രീ.നാസർ മുണ്ടക്കയം | കെ.എസ്.ടി.യു | ബി.ആർ.സി, കാഞ്ഞിരപ്പള്ളി |
| 46 | ശ്രീ.വിജയൻ.ടി.വി | കെ.പി.ടി.എ | ജനറൽ സെക്രട്ടറി |
| 47 | ഡോ.സാബുജി വർഗ്ഗീസ് | എച്ച്.എസ്.എസ്.ടി.എ | ജനറൽ സെക്രട്ടറി |
| 48 | ശ്രീ. ഹുസൈൻ. എ | കെ.യു.ടി.എ | പ്രസിഡന്റ് |